(ഡി) പബ്ലിക് സർവ്വീസ് കമ്മീഷന്റെ അനുവാദം ആവശ്യമില്ല. സ്പെഷ്യൽ റൂളിലെ വ്യവസ്ഥ പ്രകാരമാണ് പ്രൊമോഷൻ നൽകുന്നത്.

120 (2433) ഫയർഫോഴ്സ് സ്റ്റേഷൻ ഇല്ലാത്ത താലൂക്കുകൾ

<u>ശ്രീ. ടി. നാണു മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർഫോഴ്സ് സ്റ്റേഷനുകൾ ഇല്ലാത്ത എത്ര താലൂക്കുകൾ സംസ്ഥാനത്തുണ്ട്; അവ ഏതെല്ലാം;

(ബി) വർദ്ധിച്ചുവരുന്ന അപകടങ്ങളും അത്യാഹിതങ്ങളും കണക്കിലെടുക്കുമ്പോൾ ഒരു താലൂക്കിൽ ഒരു ഫയർസ്റ്റേഷൻ എന്ന നയം അംഗീകരിച്ച് നടപ്പിലാക്കാൻ സർക്കാരിനു ഉദ്ദേശമുണ്ടോ;

(സി) 13 കൊല്ലമായി നിരന്തരം ആവശ്യപ്പെട്ടിട്ടും കുന്നത്തൂർ താലൂക്കിൽ ഫയർസ്റ്റേഷൻ അനുവദിക്കാതിരിക്കുന്നതിനുള്ള തടസ്സം എന്താണെന്നു വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 26 താലൂക്കുകൾ. നെടുമങ്ങാട്, കൊട്ടാരക്കര, കുന്നത്തൂർ, മുല്ലപ്പള്ളി, റാന്നി, കൂട്ടനാട്, കാർത്തികപ്പള്ളി, ചെങ്ങന്നൂർ, വൈക്കം, പീരുമേട്, ഉടുമ്പൻചോല, ദേവികുളം, ചാവക്കാട്, കൊടുങ്ങല്ലൂർ, തലപ്പിള്ളി, ആലത്തൂർ, മണ്ണാർക്കാട്, ഒറ്റപ്പാലം, ഏറനാട്(മഞ്ചേരി), നിലമ്പൂർ, പെരിന്തൽമണ്ണ, തിരൂരങ്ങാടി, കൊയിലാണ്ടി, സുൽത്താൻ ബത്തേരി, മാനന്തവാടി, തളിപ്പറമ്പ്.

(ബി)&(സി)ഫയർസ്റ്റേഷനുകൾ ആവശ്യമായ സ്ഥലങ്ങൾ തെരഞ്ഞെടുത്ത് ഒരു മുൻഗണനാപ്പട്ടിക തയ്യാറാക്കിയശേഷം പ്രസ്തുത മുൻഗണനാപ്പട്ടികയുടെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയും കണക്കിലെടുത്താണ് ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുന്നത്. പുതിയ മുൻഗണനാപ്പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല.

121 (2434) ഫയർ സർവ്വീസിലെ ജീവനക്കാർ

<u>ശ്രീ. പി.ജെ. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫയർ സർവ്വീസിൽ എത്ര പേർ ജോലി ചെയ്യുന്നു;

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഫയർ സർവ്വീസിൽ ഓരോ കാറ്റഗറിയിലുംപെട്ട എത്രപേരെ നിയമിച്ചു;

(സി) ഏറ്റവും ഒടുവിലത്തെ ശമ്പള പരിഷ്ക്കരണ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കണക്കനുസരിച്ച് ഫയർസർവ്വീസിൽ എത്ര ജീവനക്കാരുണ്ട്?

<u>ഉത്തരം</u>

(എ) 2740 പേർ.

(ബി)

ലോവർ ഡിവിഷൻ ക്ലാർക്ക്	-	15
ലോവർഡിവിഷൻ ടൈപ്പിസ്റ്റ്	-	2
സീനിയർ സൂപ്രണ്ട്	-	3

LIBRARY ARCHIVES Kerala Legislative Assembly